ശ്രീ. പ്രാക്കുളം ഭാസി : ഇതിനുമുമ്പ് ഈ രാജ്യത്ത് നമുക്കെത്ര കഴൽകിണറുകൾ ആവശ്യമുണ്ടെന്നു തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ എ. എ. റഹിം : 60 എണ്ണം വേണമെന്ന് നേരത്തെ തീരുമാനിച്ചു.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ എത്രയെണ്ണം കഴിച്ചുകഴിഞ്ഞു?

ശ്രീ. എ. എ. റഹിം : അഞ്ചെണ്ണം കഴിച്ചുകഴിഞ്ഞു.

ശ്രീ. പ്രാക്കുളം ഭാസി : ബാക്കി അൻപത്തിഅഞ്ചെണ്ണം ഈ ബഡ്ജറ്റ് വർഷത്തിൽ തീരുമെന്ന് വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : അതിനുവേണ്ടി ശ്രമിക്കുകയാണ്. ഇപ്പോൾ ഒരു എൻജിൻ പ്രവർത്തനം തുടങ്ങിയിരിക്കുകയാണ്. മറ്റൊരു എൻജിനും പ്രവർത്തിച്ചു തുടങ്ങാൻ പോകുന്നു. രണ്ടെണ്ണംകൂടി രണ്ടു മാസത്തിനകം ഇവിടെ പ്രവർത്തനം തുടങ്ങും. ഇതെല്ലാംകൂടി പ്രവർത്തിച്ചുതുടങ്ങിയാൽ ബാക്കിയുള്ള അൻപത്തിഅഞ്ചെണ്ണം തീർക്കുവാൻ സാധിക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : എന്തു സമയം എടുക്കും ഒരു കഴൽ കിണർ കഴിക്കുന്നതിനു് ?

ശ്രീ. എ. എ. റഹിം : ഒരെണ്ണത്തിനു ഒരാഴ്ച മാത്രമെ ഇപ്പോൾ എടുക്കുന്നുള്ളൂ.

കടലാക്രമണം.

477. [9] ശ്രീ. യു. നിലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കടലാക്രമണം തടയാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം ഭാഗത്താണു് നടപ്പിൽ വരുന്നതു് ;

(ബി) പെരുമാതുറ മുതൽ കായിക്കരവരെയുള്ള കടൽത്തീരം ഈ പ്ലാനിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) താഴെ പറയുന്ന പ്രദേശങ്ങളിലാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അഴിക്കോടു്, കൊടുങ്ങല്ലൂർ തീരപ്രദേശം, ചെല്ലാനം മുതൽ മാനാശേരി വരെ, നായരമ്പലം മുതൽ ഇടവനക്കാടുവരെ, പള്ളിത്തോടു മുതൽ ചെല്ലാനംവരെ, തുക്കുന്നപ്പുഴ, ചവറ, മുതലപ്പൊഴി, കോവളം, പാച്ചല്ലൂർ, പട്ടണം, തുമ്പൂർ, കൊല്ലംകോടു്, പൂന്തുറ.

(ബി) ഇല്ല. കടലാക്രമണം ഏറ്റവും ബാധിച്ചിരുന്ന പ്രദേശങ്ങളെയാണു് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്.

ശ്രീ. യു. നിലകണ്ഠൻ : പെരുമാതുറമുതൽ കായിക്കരവരെ കടലാക്രമണം വളരെ ഭയങ്കരമായി ഉണ്ടായിരുന്നതുകൊണ്ടു് മൻ പി. എസ്. പി. സർക്കാർ കോമ്പൻസേഷൻ കൊടുക്കുകയും ഏതാണ്ടു് 10000 ചാക്കു് മണ്ണു് അടിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : കൂടുതലായി കടലാക്രമണം ബാധിച്ചിട്ടുള്ള സ്ഥലങ്ങളാണ് ഞാൻ വായിച്ചത്. അതുകൊണ്ട് ബാക്കിയുള്ള സ്ഥലങ്ങളിൽ കടലാക്രമണം ഇല്ലെന്നതല്ലാതില്ല.

ശ്രീ. യു നീലകണ്ഠൻ : ഞാൻ പറഞ്ഞ സ്ഥലങ്ങളും കടലാക്രമണം ഭയങ്കരമായി ബാധിച്ചിരുന്ന സ്ഥലങ്ങളായി തിരുമാനിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : എല്ലാ സ്ഥലങ്ങളിലും പോയി അന്വേഷിച്ചതിന്റെ ഫലമായി കിട്ടിയ ലിസ്റ്റാണ് ഞാൻ വായിച്ചത്.

ശ്രീ. പി. കെ. യശോധരൻ : ഇത്രലക്ഷം മൊത്തം എത്രലക്ഷം രൂപ ചെലവുചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട് ?

ശ്രീ. കെ. ഐ. വേലായുധൻ : രണ്ടരം പഞ്ചവത്സരപദ്ധതിയിൽ മൂന്നുകോടി രൂപയാണ് സെൻട്രൽ ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. പി. കെ. യശോധരൻ : ഇതിലും ഫലപ്രദമായ പദ്ധതികൾ എന്തെങ്കിലുമുണ്ടോ എന്ന് ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇതിനേക്കാൾ സുതരമായ മാർഗ്ഗത്തിൽ പ്രവർത്തിക്കുവാൻ സാധിക്കുമോ എന്നുള്ളതിനെ സംബന്ധിച്ച് പൂനാ റിസർച്ച് സ്റ്റേഷനിൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. പി. കെ. യശോധരൻ : വളരെക്കാലംകൊണ്ട് ഉള്ളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കായൽ നികത്തിയെടുത്ത് കടലോരത്തുള്ളവർക്ക് താമസിക്കാൻ സൗകര്യം കൊടുക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ വിദഗ്ദ്ധാഭിപ്രായം വന്നാൽ ഗവണ്മെന്റ് അതിനെപ്പറ്റി അന്വേഷിക്കും.

SHRI PANAMPILLI GOVINDA MENON: Sir, may I make a statement on this question ? Sea erosion extending throughout the length of the State was considered by this Government to be a very calamitous phenomenon, and very strong case was made out to the Planning Commission to treat it as a recurring national calamity in Travancore-Cochin and a provision of Rs. 3 crores was asked for in order to meet that difficulty. The Planning Commission was impressed by the nature of this calamity and has sanctioned the inclusion of the entire amount. Preliminary works are going on now and a certain pattern of work has been adopted. But as the Minister said, research is going on in Poona on the question as to how further improvements can be made in the work of protection of our coast line.

LIBRARY ARCHIVES Kerala Legislative Assembly